**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം;1842** **17.12.2012ൽ മറുപടിക്ക്**

ജിഷാമാത്യുവിന് സഹായം

| **ചോദ്യം**<br>**ശ്രീ. റ്റി.വി. രാജേഷ്** | **ഉത്തരം**<br>**ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
|---|---|
| എ) എൻഡോസൾഫാൻ ദുരന്തഭൂമിയിൽ അർബുദം ബാധിച്ച് ആന്തരികാവയവങ്ങൾ ഒന്നൊന്നായി മുറിച്ചുമാറ്റപ്പെട്ട കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിലെ ജിഷാ മാത്യുവിന് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ വച്ച് വീട് നിർമ്മിച്ചു നൽകുമെന്നും ധനസഹായം അനുവദിക്കുമെന്നും പ്രഖ്യാപിച്ച പ്രകാരം എന്തൊക്കെ സഹായങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br>ബി) ജിഷാമാത്യുവിന് വീടുവെച്ച് നൽകണമെന്നും സഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഏതൊക്കെ രാഷ്ട്രീയ സന്നദ്ധ സംഘടനകളിൽ നിന്നാണ് നിവേദനം ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ? | എ) & ബി)<br>ശ്രീമതി. ജിഷാ മാത്യു ബെള്ളൂർ ഗ്രാമപഞ്ചായത്തിലെ എൻഡോ സൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട വ്യക്തിയാണ്. ശ്രീമതി. ജിഷാ മാത്യുവിന് പ്രതിമാസ പെൻഷൻ രണ്ടായിരം രൂപയും സൗജന്യ ചികിത്സയും കൂടാതെ എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് ലഭിക്കുന്ന മറ്റു എല്ലാ ആനുകൂല്യങ്ങളും നിലവിൽ ലഭിച്ചു വരുന്നുണ്ട്. ജിഷാ മാത്യുവിന് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ വീട് നിർമ്മിച്ചു നൽകുമെന്നും ധനസഹായം അനുവദിക്കുമെന്നും രേഖാമൂലം അറിയിച്ചതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ